1/10 D Ch.. 
(signature) 15/12

5674
15/12/08

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചാലക്കുടി നഗരസഭ - ടൗൺ ഹാൾ വികസനം - കിഴക്കേ ചാലക്കുടി വില്ലേജിലെ സർവ്വേ നമ്പർ 451/4-ൽപ്പെട്ട 3.675 സെന്റ് സ്ഥലവും അതിലെ ആക്രിക്കടയും അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യൽ - അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 4180/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, നവംബർ 28, 2008.

പരാമർശം:
1. ചാലക്കുടി നഗരസഭയുടെ 16-05-2007-ലെ 17-ാം നമ്പർ കൗൺസിൽ തീരുമാനം.
2. ചാലക്കുടി നഗരസഭാ സെക്രട്ടറിയുടെ 07-07-2008-ലെ ഇ.5-7169/08 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 10-11-2008-ലെ ജി.3-12582/08 നമ്പർ കത്ത്.

### ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭയുടെ പരാമർശം (1)-ലെ കൗൺസിൽ തീരുമാനത്തിന്റെയും പരാമർശം (2)-ലെ അപേക്ഷയുടേയും നഗരകാര്യ ഡയറക്ടറുടെ പരാമർശം (3)-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ, ടൗൺ ഹാൾ വികസനത്തിനായി കിഴക്കേ ചാലക്കുടി വില്ലേജിലെ 451/4 സർവ്വേ നമ്പരിൽപ്പെട്ട 3.675 സെന്റ് സ്ഥലവും അതിലെ ആക്രിക്കടയും അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് ഇത് സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല എന്നും അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി തൃശ്ശൂർ ജില്ലാ കളക്ടർ മുമ്പാകെ കെട്ടിവെക്കേണ്ടതാണ് എന്നുമുള്ള നിബന്ധനകൾക്ക് വിധേയമായി ചാലക്കുടി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.മധുസൂദനൻ പിള്ള,
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, ചാലക്കുടി നഗരസഭ, തൃശ്ശൂർ ജില്ല.

ജില്ലാ കളക്ടർ, തൃശ്ശൂർ.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

✓ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

(signature)

സെക്ഷൻ ഓഫീസർ.